LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരഗ്രാമം പദ്ധതി

200 (3176) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷീരഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുള്ളത്;

(സി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പത്തനംതിട്ടയുടെ സാദ്ധ്യത പഠന വിധേയമാക്കുന്നതിനും പദ്ധതി തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് എറണാകുളം ജില്ലയിലെ കുന്നുകരയിലും കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവിലും ക്ഷീരഗ്രാമ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പ്രദേശങ്ങളിലെ പാലുല്പാദന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി പ്രാദേശിക സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യമിട്ടാണ് ടി പദ്ധതികൾ ആരംഭിച്ചിട്ടുള്ളത്.

(സി) ഇല്ല. പത്തനംതിട്ട ജില്ലയിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

തിക്കോടിയിലെ പാരസൈറ്റ് ബ്രീഡിംഗ് സെന്റർ

201 (3177) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ തിക്കോടിയിൽ സ്ഥിതി ചെയ്യുന്ന പാരസൈറ്റ് ബ്രീഡിംഗ് സെന്റർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനത്തിന്റെ സ്ഥിതി ചൂണ്ടിക്കാണിച്ച് നൽകിയിട്ടുള്ള നിവേദനത്തിൽ ഇതുവരെ മറുപടി നൽകാത്തതും അനുകൂല നടപടികൾ സ്വീകരിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?